**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1375** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റി (ടി.ഇ.പി.എസ്), വനം വന്യജീവി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എഫ്.ഡി.സി), മറ്റ് സർക്കാർ ഏജൻസികൾ എന്നിവരിലൂടെ പുതിയ ഇക്കോടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുകയും, നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു.

അമൂല്യങ്ങളായ വനങ്ങളുടെ അപൂർവതകൾ ജനങ്ങൾക്ക് അടുത്തറിയുവാനും വനാശ്രിത സമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ലക്ഷ്യമിട്ട് കേരളത്തിൽ ഇക്കോടൂറിസം പദ്ധതികൾ നടപ്പാക്കി വരുന്നു.

**(ബി)** ഇക്കോ ടൂറിസം കേന്ദ്രങ്ങളിലൂടെ പ്രാദേശിക ജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തദ്ദേശീയരായ വനാശ്രിതർ അംഗങ്ങൾ ആയ വനസംരക്ഷണ സമിതികൾ (VSS)/ ഇക്കോ ഡെവലപ്മെന്റ് കമ്മറ്റികളുടെ (EDC) നേതൃത്വത്തിലാണ് ഇക്കോടൂറിസം നടപ്പാക്കുന്നത്. ടി സമിതി/ കമ്മിറ്റികളിലെ അംഗങ്ങളെ പദ്ധതിപ്രദേശത്തെ വിവിധ പ്രവർത്തികൾക്കായി നിയോഗിക്കുന്നു. എല്ലാ അംഗങ്ങൾക്കും തൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെ റൊട്ടേഷൻ അടിസ്ഥാനത്തിലാണ് അംഗങ്ങളെ നിയോഗിച്ച വരുന്നത്. ഇക്കോടൂറിസം നടത്തിപ്പിലൂടെ 2170 പേർക്കോളം പ്രത്യക്ഷമായും ഏകദേശം പതിനായിരത്തിലേറെ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നു.

**(സി)** ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഇക്കോടൂറിസം പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും, സന്ദർശക ബാഹുല്യംമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക ആഘാതം കുറക്കുന്നതിനുമായി ഓരോ ഇക്കോടൂറിസം പദ്ധതിപ്രദേശത്തിനും ഉൾക്കൊള്ളുവാൻ കഴിയുന്ന സന്ദർശകരുടെ തോത് കണക്കാക്കുന്നതിനായി സന്ദർശകവാഹകശേഷി പഠനം (Carrying Capacity Study) നടത്തി വരുന്നുണ്ട്. കൂടാതെ

പ്രവർത്തനക്ഷമതയും സന്ദർശകരുടെയും ജീവനക്കാരുടെയും സുരക്ഷയും ഉറപ്പാക്കുന്നതിനായി 38 കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റുകൾ (Safety Audits) പൂർത്തിയാക്കിയിട്ടുണ്ട്. സുരക്ഷാമാനദണ്ഡങ്ങൾക്ക് പുറമെ സന്ദർശകർക്കുള്ള സൗകര്യങ്ങളും ദീർഘകാലാടിസ്ഥാനത്തിലുള്ള സാധ്യതകളും വിലയിരുത്തുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ ഓഡിറ്റുകൾ നടത്തിയിട്ടുണ്ട്.

**(ഡി)** വന്യജീവി സാന്നിധ്യമുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ കഴിയുന്നത്ര അപകടരഹിതമായി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മുൻകരുതലുകൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നുണ്ടെങ്കിലും, അഥവാ എന്തെങ്കിലും അപകടങ്ങൾ സംഭവിച്ചാൽ സന്ദർശകർക്ക് (ഇന്ത്യൻ പൗരന്മാർക്ക് മാത്രം) നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി വനംവകുപ്പ് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് അപകട ഇൻഷുറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം പരമാവധി 50 പേർക്കാണ് ഈ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നത്.

കൂടാതെ, എല്ലാ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും ഗൈഡുകളായും മറ്റും ജോലി ചെയ്യുന്ന VSS / EDC സമിതി അംഗങ്ങൾക്കായി ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമും ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് അപകട സാഹചര്യങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി വനംവകുപ്പ് മുഖേനയും പ്രൊഫഷണൽ ഏജൻസികൾ വഴിയും പരിശീലനം നൽകി വരുന്നുണ്ട്. ട്രെക്കിങ്, ക്യാമ്പിങ് തുടങ്ങിയ പാക്കേജുകൾക്കായി തിരഞ്ഞെടുക്കുന്ന പാതകളും സ്ഥലങ്ങളും പരമാവധി വന്യജീവികളുടെ സഞ്ചാരപാതകൾ ഒഴിവാക്കിയുള്ളവയാണ്. വന്യജീവികളുടെ സാന്നിധ്യമുള്ള മേഖലകളിൽ സഞ്ചാരികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സൈൻ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ഇക്കോട്ടൂറിസം മേഖലകളിൽ മാലിന്യങ്ങൾ തള്ളി വന്യജീവികളെ ആകർഷിക്കുന്നത് ഒഴിവാക്കാനായി കൃത്യമായ മാലിന്യ നിർമ്മാർജ്ജന നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**